## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 6513** — **09.07.2014 ൽ മറുപടിയ്ക്ക്**

## ഗ്രിഡ്ബന്ധിത സൗരോർജ്ജ പദ്ധതി വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഗ്രിഡ് ബന്ധിത സൗരോർജ്ജ പദ്ധതി വികസനത്തിന് കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ചെറുതും വലുതുമായ ഗ്രിഡ് ബന്ധിത സൗരോർജ്ജ പദ്ധതികളുടെ വികസനത്തിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജീവ ശ്രദ്ധ നൽകുന്നുണ്ട്. ഗ്രിഡ് ബന്ധിത വൻകിട സൗരോർജ്ജ പദ്ധതി വികസനത്തിന് നാഷണൽ ഹൈഡ്രോ പവർ ലിമിറ്റഡും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും തമ്മിൽ 07.05.2014 ൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) കേരളത്തിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതിക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളത്; പദ്ധതി നടപ്പാക്കുന്നതിന് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) നിലവിൽ, ധാരണാപത്ര പ്രകാരം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലാണ്.<br>വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലെ ഭൂമി ഉടമസ്ഥരെ ചേർത്ത് ഒരു വിശിഷ്ടോദ്ദേശ നിർവ്വഹണത്തിനായുള്ള കമ്പനി (Special Purpose Vehicle) ഉണ്ടാക്കുന്നതാണ്. ഇത് രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സഹായം നൽകുന്നതാണ്. |
| (സി) എത്ര മെഗാവാട്ട് ശേഷിയുള്ള പ്ലാന്റാണ് ഓരോ സ്ഥലത്തും സ്ഥാപിക്കുന്നത്; എന്നത്തേക്ക് ഉല്പാദനം ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്; | (സി) 50 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റ്, വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പരമാവധി 18 മുതൽ 20 മാസം വരെയാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഉദ്ദേശിച്ചിരിക്കുന്നത്. |

(ഡി) വൈദ്യുതി ഉല്പാദനച്ചെലവ് എത്ര രൂപ വരെയാകും എന്നറിയിക്കാമോ; എത്ര രൂപയ്ക്ക് കമ്പനി വൈദ്യുതി കെ.എസ്.ഇ.ബി. ക്ക് കൈമാറും; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(ഡി) പദ്ധതിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ താരിഫ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ് തീരുമാനിക്കുന്നത്. പദ്ധതിക്ക് ആവശ്യമായി വരുന്ന സ്ഥലത്തിന്റെ പാട്ടക്കരം സ്ഥലത്തിന്റെ ഉടമസ്ഥരുടെ കമ്പനിക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് കൈമാറുന്നതാണ്. പദ്ധതിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക്, ഭൂമിയുടെ വില മൂലധനത്തിൽ ഉൾപ്പെടുത്താതെ കണക്കാക്കുകയും ആ വിലയ്ക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതിയിൽ നിന്നുള്ള വൈദ്യുതി, എൻ.എച്ച്.പി.സി യിൽ നിന്ന് വാങ്ങുകയും ചെയ്യും. ഭൂമിയുടെ പാട്ടത്തുക, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷിക ചെലവുകളിൽ ഉൾപ്പെടുത്തുവാനും റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടും

പദ്ധതിയുടെ വിശദമായ പദ്ധതി രൂപ രേഖ (Detailed Project Report (DPR)) NHPC തയ്യാറാക്കുന്നുണ്ട്. DPR പൂർത്തിയാകുന്നതോടെ വൈദ്യുതി വില ഉൾപ്പെടെയുള്ള സാമ്പത്തിക കാര്യങ്ങളിൽ വ്യക്തതയുണ്ടാകും.

സെക്ഷൻ ഓഫീസർ